**15 -ാം കേരള നിയമസഭ**

**4 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 288** **22-02-2022 - ൽ മറുപടിയ്ക്ക്**

**മുൻഗണനാ റേഷൻകാർഡ്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. കെ.കെ. രാമചന്ദ്രൻ** | | **Shri G R Anil**<br>**(ഭക്ഷ്യ-പൊതുവിതരണ വകുപ്പ് മന്ത്രി)** | |
| (എ) | മുൻഗണനാ റേഷൻ കാർഡുകൾ അർഹരായ മുഴുവൻ കുടുംബങ്ങൾക്കും ലഭ്യമാക്കുന്നതിനും അനർഹരായ കുടുംബങ്ങളെ ഒഴിവാക്കുന്നതിനും നടപടി സ്വീകരിച്ചിട്ടുണ്ടോ; | (എ) | ദേശീയ ഭക്ഷ്യഭദ്രതാ നിയമം, 2013 പ്രകാരം എ.എ.വൈ, പി.എച്ച്.എച്ച് വിഭാഗങ്ങളാണ് മുൻഗണനാ പട്ടികയിൽ ഉൾപ്പെട്ടുവരുന്നത്. എ.എ.വൈ കണ്ടെത്തുന്നതിനായുള്ള കേന്ദ്ര മാനദണ്ഡങ്ങളുടെയും പി.എച്ച്.എച്ച് വിഭാഗത്തെ കണ്ടെത്തുന്നതിനുള്ള സംസ്ഥാന മാനദണ്ഡങ്ങളുടെയും അടിസ്ഥാനത്തിൽ അർഹരായവരെ കണ്ടെത്തി കേന്ദ്ര സർക്കാർ പരിമിതപ്പെടുത്തിയിട്ടുള്ള 1,54,80,040 ഒഴിവുകളിൽ ഉൾപ്പെടുത്തുന്നതിനുള്ള നടപടികൾ തുടർന്നു വരുന്നുണ്ട്. എന്നാൽ സംസ്ഥാനത്തിന് അനുവദിച്ച മുൻഗണനാ വിഭാഗം അംഗങ്ങളുടെ എണ്ണം പരിമിതമായതിനാൽ അർഹരായ എല്ലാ കുടുംബങ്ങൾക്കും മുൻഗണനാ റേഷൻ കാർഡുകൾ നൽകാൻ കഴിയില്ല. പട്ടികയിൽ ഉൾപ്പെട്ട അനർഹരെ ഒഴിവാക്കുന്നതിനായി തദ്ദേശസ്വയംഭരണ, മോട്ടോർവാഹന വകുപ്പുകളിൽ നിന്നുള്ള ഡേറ്റയുമായി ആർ.സി.എം.എസ് ഡാറ്റ മാപ്പിംഗ് നടത്തിയും എ.എ.വൈ/പി.എച്ച്.എച്ച് വിഭാഗങ്ങളിലുള്ള, തുടർച്ചയായി മൂന്നുമാസം റേഷൻ വാങ്ങാത്തവരുടെ പട്ടിക തയ്യാറാക്കിയും ആധാർ ലിങ്ക് ചെയ്യാത്തതോ ഒരംഗം മാത്രമുള്ളതോ ആയ മുൻഗണനാ റേഷൻകാർഡുകളും പരിശോധനയ്ക്ക് വിധേയമാക്കിയും എ.എ.വൈ, പി.എച്ച്.എച്ച് വിഭാഗത്തിൽപ്പെട്ട കാർഡുകളുടെ അർഹത പുന:പരിശോധിച്ചും അനർഹരെ കണ്ടെത്തി വരുന്നുണ്ട്. 17.06.2021 – ലെ 252/2021/ ഭ.പൊ.വി.വ നമ്പർ സർക്കാർ ഉത്തരവു പ്രകാരം അനർഹമായി മുൻഗണനാ റേഷൻ കാർഡ് കൈവശം വച്ചിരുന്നവർക്ക് പിഴ കൂടാതെ സറണ്ടർ ചെയ്യുന്നതിന് അവസരം നൽകിയിരുന്നു. അനർഹമായി മുൻഗണനാ കാർഡ് കൈവശം വച്ചിരിക്കുന്നവരുടെ വിവരം, 9495998223 എന്ന |

| | | | |
|---|---|---|---|
| | | | ഫോൺ നമ്പറിൽ നൽകുന്നതിനായി പൊതുജനങ്ങൾക്ക് അറിയിപ്പ് നൽകിയിരുന്നു. വിവരം നൽകുന്ന വ്യക്തികളെക്കുറിച്ചുള്ള വിവരം രഹസ്യമായി സൂക്ഷിക്കുമെന്ന് ഉറപ്പ് നൽകുകയും ചെയ്തിട്ടുണ്ട്. റേഷൻ ഭക്ഷ്യധാന്യങ്ങൾ ആവശ്യമില്ലാത്ത കാർഡുടമകൾക്ക് അവരുടെ റേഷൻ വിഹിതം ആറു മാസകാലയളവിലേക്ക് ഉപേക്ഷിക്കാവുന്ന Give-UPപദ്ധതി പ്രയോജനപ്പെടുത്തിയിട്ടുള്ള എ.എ.വൈ / മുൻഗണനാ വിഭാഗത്തിൽപെട്ട കാർഡുടമകളെ കണ്ടെത്തി മുൻഗണനേതര വിഭാഗത്തിലേക്ക് മാറ്റുന്നുണ്ട്. |
| (ബി) | എങ്കിൽ പുതുക്കാട് മണ്ഡലത്തിൽപ്പെട്ടതും തൃശ്ശൂർ, മുകുന്ദപുരം, ചാലക്കുടി സപ്ലൈ ഓഫീസുകൾക്കു കീഴിലുള്ളതുമായ എത്ര കുടുംബങ്ങൾക്ക് 2021-22 കാലയളവിൽ മുൻഗണനാ കാർഡ് അനുവദിച്ചുവെന്നും എത്ര അനർഹരായ കുടുംബങ്ങളെ ഒഴിവാക്കിയെന്നും പഞ്ചായത്ത് തിരിച്ച് കണക്ക് വ്യക്തമാക്കാമോ? | (ബി) | വിശദാംശങ്ങൾ ചുവടെ കൊടുക്കുന്നു. ക്രമ നം. താലൂക്ക് പഞ്ചായത്ത് മുൻഗണന കാർഡ് അനുവദിച്ചത് അനർഹരായ കുടുംബങ്ങളെ ഒഴിവാക്കിയത് 1 തൃശ്ശൂർ വല്ലച്ചിറ 63 0 2 മുകുന്ദപുരം നെന്മണിക്കര 128 74 തൃക്കൂർ 113 51 അളഗപ്പ നഗർ 98 67 പുതുക്കാട് 169 113 പറപ്പൂക്കര 134 67 3 ചാലക്കുടി വരന്തരപ്പിള്ളി 110 119 മറ്റത്തൂർ 134 145 ആകെ 949 636 |

സെക്ഷൻ ഓഫീസർ